(ബി) ഉണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ?

ഉത്തരം

(എ) ഇപ്പോൾ പരിഗണനയിലില്ല.
(ബി) ചോദ്യം ഉദിക്കുന്നില്ല.

തിരുവനന്തപുരത്തുനിന്നും വിഴിഞ്ഞം പൂവാർ വഴി കന്യാകുമാരിയിലേക്ക് ഒരു റെയിൽവേ ലൈൻ

585 [792] ശ്രീ. എൻ. ശക്തൻ നാടാർ : താഴെ കാണുന്ന ചോദ്യത്തിന് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

അന്തർദേശീയ ടൂറിസ്റ്റ് കേന്ദ്രമായ കോവളം, വിഴിഞ്ഞം, ഫിഷിംഗ് ഹാർബർ, തിരുവല്ല ഫിലിം സ്റ്റുഡിയോ, വെള്ളായണി കാർഷിക കോളേജ് ഇവയെല്ലാം ബന്ധപ്പെടുത്തിക്കൊണ്ട് തിരുവനന്തപുരത്ത് നിന്ന് വിഴിഞ്ഞം "പൂവാർ വഴി" കന്യാകുമാരിയിലേക്ക് ഒരു പുതിയ തീരദേശ റെയിൽവേലൈൻ അനുവദിക്കുന്നതിന് സംസ്ഥാന ഗവൺമെന്റ് കേന്ദ്ര ഗവൺമെന്റിനോട് ആവശ്യപ്പെടുമോ?

ഉത്തരം

നടപ്പു പഞ്ചവൽസര പദ്ധതിക്കാലത്ത് വിഭവ ലഭ്യതയുടെ അപര്യാപ്തതയാലും നിലവിലുള്ള പദ്ധതികൾ തന്നെ മുന്നോട്ടുകൊണ്ടുപോകുവാൻ നിർവ്വാഹമില്ലാത്തതിനാലും ഗുരുവായൂർ-കുറ്റിപ്പുറം റെയിൽവേ ലൈൻ പോലെ സർവ്വേ കഴിഞ്ഞ ലൈനുകളുടെ നിർമ്മാണം പോലും ഏറ്റെടുക്കുവാൻ നിർവ്വാഹമില്ലെന്ന് കേന്ദ്ര-സംസ്ഥാന സർക്കാരിനെ അറിയിച്ചിട്ടുള്ളതിനാൽ ഇക്കാര്യത്തിൽ കേന്ദ്രത്തെ സമീപിക്കുവാൻ നിർവ്വാഹമില്ല.

കൂരിക്കാട് റെയിൽവേ സ്റ്റേഷന്റെ വികസനം

586 [793] ശ്രീ. ബെന്നി ബഹനാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചോറ്റാനിക്കരക്കു സമീപമുള്ള കൂരിക്കാട് റെയിൽവേസ്റ്റേഷൻ വികസിപ്പിക്കുവാൻ കേന്ദ്രഗവൺമെന്റിനോട് ആവശ്യപ്പെടുമോ ;

(ബി) പ്രസ്തുത സ്റ്റേഷന്റെ പേര് ചോറ്റാനിക്കര എന്നു മാറ്റാൻ എന്തെങ്കിലും നടപടി ഗവൺമെന്റ് സ്വീകരിച്ചിട്ടുണ്ടോ?

ഉത്തരം

(എ) ഇല്ല

(ബി) കൂരിക്കാട് ട്രയിൻ ഹാൾട്ടിന്റെ പേര് ചോറ്റാനിക്കര റോഡ് റെയിൽവേ സ്റ്റേഷൻ എന്ന് മാറ്റുവാൻ സംസ്ഥാന സർക്കാർ കേന്ദ്രത്തോട് ആവശ്യപ്പെട്ടിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly